(എഫ്) ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആസ്തി ബാധ്യതകളെക്കുറിച്ചും ഒരു അന്വേഷണം നടത്തേണ്ടതായ സാഹചര്യം ഇപ്പോൾ ഇല്ല.

കേരള കലാമണ്ഡലത്തിലെ ഡിഗ്രികോഴ്സിന് അംഗീകാരം ലഭിക്കാൻ നടപടി

49 (4088) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാകണ്ഡലത്തിൽ ഡിഗ്രി കോഴ്സ് ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്തതിനാൽ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അംഗീകാരം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000 ആഗസ്റ്റിൽ

(ബി) ഡിഗ്രികോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിനായി സംസ്കൃത യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ പാസ്സാക്കിയിട്ടുണ്ട്. മറ്റു നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) വിദ്യാർത്ഥികളിൽ ചിലർ ഇടയ്ക്ക് വച്ച് പഠനം നിർത്തിപ്പോയിട്ടുണ്ട് എന്നാൽ അതിനുള്ള കാരണം അറിയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

50 (4089) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏതൊക്കെയായിരുന്നുവെന്നും ഏതെല്ലാം സാംസ്ക്കാരിക മേഖലകളെ സംബന്ധിച്ചുള്ളവയായിരുന്നു അവയെന്നും വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ അതിവേഗം അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, നാട്ടറിവുകൾ എന്നിവയുടെ ഡോക്യുമെന്റേഷൻ ഉദ്ദേശിച്ചുള്ള ഏതെങ്കിലും കൃതികൾ സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജീവചരിത്രം, ചരിത്രം, നാടൻ കലാരൂപങ്ങൾ എന്നീ മേഖലകളിലായി 15 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 6 (ആറ്) പുസ്തകങ്ങൾ ഈ മേഖലകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പെരുമ്പാവൂർ-ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ

51 (4090) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാദമിയുടെ കീഴിലായിരുന്ന പെരുമ്പാവൂർ ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കലാഗ്രാമത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കലാഗ്രാമം വിപുലീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരക്കുമോ ?

ഉത്തരം

(എ-സി) പെരുമ്പാവൂർ നഗരസഭയുടെ വകയായുള്ള ഇരിങ്ങോൾ നാഗത്ത്ചേരിമന 1993 മുതൽ 10 വർഷത്തേയ്ക്ക് ലളിതകലാ അക്കാദമി 'കലാഗ്രാമം' എന്ന പേരിൽ ആർട്ടിസ്റ്റ് വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പാട്ടത്തിനെടുക്കുകയായിരുന്നു. പാട്ടക്കാലാവധി നീട്ടിത്തരണമെന്ന അക്കാദമിയുടെ അഭ്യർത്ഥന നഗരസഭ നിരസിക്കുകയും വസ്തു വകകൾ ഏറ്റെടുക്കുകയും ചെയ്തതിനാൽ കലാഗ്രാമം തുടർന്നു നടത്താൻ കഴിയാത്ത അവസ്ഥയായി.

ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്ന ഭൂമി

52 (4091) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ മരക്കൂട്ടത്ത് അടിക്കാട് വെട്ടി ശബരിമല തീർത്ഥാടകർക്ക് വിരിവയ്ക്കുവാൻ ആവശ്യമായ വന ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്നുവോ ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[24-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 50 (4089)-ന്റെ ഉത്തരം ദയവായി കാണുക]

ക്രമ.നമ്പർ	ഗ്രന്ഥം
1	കെ. പി. ആർ. ഗോപാലൻ
2	ഹിസ്റ്ററി ഓഫ് ഫ്രീഡം മൂവ്മെന്റ് ഇൻ കേരള (വാല്യം.1)
3	അവസാനത്തെ സ്മാർത്തവിചാരം
4	ആശാൻകവിത- ആധുനികാനന്തരപാഠങ്ങൾ
5	യുക്തിവാദി എം. സി. ജോസഫ്
6	യാജ്ഞവല്ക്യസ്മൃതി
7	സി. കേശവൻ (രണ്ടാം പതിപ്പ്)
8	Reminiscences of my life
9	ഗാന്ധിജിയും കേരളവും
10	തിരുവനന്തപുരത്തിന്റെ ഇതിഹാസം
11	എ. ജെ. ജോൺ - വ്യക്തിയും കാലവും
12	ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികൾ
13	ഹാസ്യസാഹിത്യ നിരൂപണം
14	Essays on Tranvancore
15	ദക്ഷിണേന്ത്യൻ സംഗീതം രണ്ടാം ഭാഗം

LIBRARY ARCHIVES Kerala Legislative Assembly